**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 752** **28-01-2026 - ൽ മറുപടിയ്ക്ക്**

**മണലൂർ മണ്ഡലത്തിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി മണലൂർ മണ്ഡലത്തിൽ പുതിയതായി എത്ര ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചുവെന്നും എവിടെയൊക്കെയാണ് അവ സ്ഥാപിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മണലൂർ നിയോജകമണ്ഡലത്തിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി മണലൂർ മണ്ഡലത്തിൽ ആകെ 4.61 കോടിയുടെ 116 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിൽ 3.59 കോടിയുടെ 99 എണ്ണം ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്. സ്ഥാപിച്ച ട്രാൻസ്ഫോർമറുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (പട്ടിക താഴെ) |
| (ബി) | പ്രസ്തുത പ്രവൃത്തികൾക്ക് എത്ര തുക ചെലവഴിച്ചു എന്ന് അറിയിക്കാമോ; | (ബി) | **4.61** കോടിയുടെ **116** ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിൽ **3.59** കോടിയുടെ **99** എണ്ണം ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്. |
| (സി) | മണലൂർ മണ്ഡലത്തിൽ ഇനിയും വോൾട്ടേജ് ക്ഷാമം നിലനിൽക്കുന്ന പ്രദേശങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ; | (സി) | ട്രാൻസ്ഫോർമറുകൾ **17** എണ്ണം സ്ഥാപിക്കുന്നതിനായി **11** കെ.വി. ലൈനുകളും, എൽ.ടി.ലൈനുകളും സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. |

| **സെക്ഷൻ പരിധി** | **എണ്ണം** |
|---|---|
| അരിമ്പൂർ | 9 |
| പറപ്പൂർ | 9 |
| പാവറട്ടി | 14 |
| വാടാനപ്പിള്ളി | 11 |
| കണ്ടശ്ശാംകടവ് | 16 |
| വെങ്കിടങ്ങ് | 25 |
| കേച്ചേരി | 11 |
| കുന്നമ്മൂച്ചി | 4 |
| **ആകെ** | **99** |

<table>
<tr>
<td>(ഡി)</td>
<td>മണലൂർ മണ്ഡലത്തിൽ എവിടെയെല്ലാമാണ് പുതിയതായി ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നത്; വിശദാംശം അറിയിക്കാമോ?</td>
<td>(ഡി)</td>
<td>മണലൂർ മണ്ഡലത്തിൽ പുതിയതായി സ്ഥാപിക്കാനുദ്ദേശിക്കുന്ന ട്രാൻസ്ഫോർമറുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>സെക്ഷൻ പരിധി</th><th>എണ്ണം</th></tr>
<tr><td>അരിമ്പൂർ</td><td>3</td></tr>
<tr><td>വാടാനപ്പിള്ളി</td><td>3</td></tr>
<tr><td>കണ്ടശ്ശാംകടവ്</td><td>2</td></tr>
<tr><td>വെങ്കിടങ്ങ്</td><td>4</td></tr>
<tr><td>കേച്ചേരി</td><td>3</td></tr>
<tr><td>കുന്നമ്മൂച്ചി</td><td>2</td></tr>
<tr><td>ആകെ</td><td>17</td></tr>
</table>
</td>
</tr>
</table>

സെക്ഷൻ ഓഫീസർ